ND. C. 40/16 dt.20.10.2016

20.10.2016

**നെയ്യാറ്റിൻകര രൂപത മെത്രാസന മന്ദിരം ആശീർവാദം**

തെക്കേ ഇന്ത്യയിൽ സുവിശേഷപ്രഘോഷണം ത്വരിതപ്പെടുത്താനായി 1996 ജൂൺ മാസം 14-ാം തിയതി വി. ജോൺ പോൾ ര  ാമൻ മാർപാപ്പ സ്ഥാപിച്ചതാണ് നെയ്യാറ്റിൻകര ലത്തീൻ രൂപത. കർത്താവായ യേശു പഠിപ്പിച്ചതും പ്രവർത്തിച്ചതുമായ എല്ലാ കാര്യങ്ങളും പഠിപ്പിക്കുകയും പ്രവർത്തിക്കുകയുമാണ് തിരുസഭയുടെ (ഓരോ രൂപതയുടെയും) ദൗത്യവും ലക്ഷ്യവും. അതിനാൽ പ്രസ്തുത ദൗത്യം നാം വളരെ തീക്ഷണതയോടെ നിറവേറ്റേ  ിയിരിക്കുന്നു.

നമ്മുടെ രൂപത സ്ഥാപിച്ചിട്ട് ഒരു വർഷമായപ്പോൾ 1997-ൽ രൂപതാ സെമിനാരിയും തൊട്ടുപിന്നാലെ 2001-ൽ താൽകാലിക മെത്രാസന മന്ദിരവും 2003-ൽ ലോഗോസ് പാസ്റ്ററൽ സെന്ററും സ്ഥാപിച്ചു. അതോടൊപ്പം നെടുമങ്ങാട് മേഖലക്കു വേ  ി അവിടെ ഒരു ആനിമേഷൻ സെന്ററിന്റെ നിർമ്മാണവും 2006 മുതൽ നടക്കുന്നു. അടുത്ത ഘട്ടമായിട്ടാണ് 2007-ൽ നെയ്യാറ്റിൻകര പത്താംകല്ലിൽ മെത്രാസന മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചത്. ഇതിന്റെ ആദ്യ ഘട്ടം (ഒന്നാം നില) 2008-ൽ പൂർത്തിയായി. ഇപ്പോൾ ര  ുവർഷം കൊ ് മെത്രാസന മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയായിരിക്കുന്നു. ഇതിന്റെ ആശീർവാദം 2016 നവംബർ മാസം 1-ാം തിയതി രാവിലെ 10 മണിക്ക് നടക്കുന്ന കാര്യം സന്തോഷപൂർവം നിങ്ങളെ ഞാൻ അറിയിക്കുന്നു. ഈ കാലയളവിൽ നിങ്ങൾ നൽകിക്കൊ  ിരിക്കുന്ന സാമ്പത്തിക സഹായത്തിനും പ്രോത്സാഹനത്തിനും സഹകരണത്തിനും ഞാൻ പ്രത്യേകം നന്ദിയർ പ്പിക്കുന്നു.

1-11-2016 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് നടക്കുന്ന മെത്രാസന മന്ദിരത്തിന്റെ ആഘോഷപൂർവമായ ആശീർവാദ കർമ്മത്തിന്റെ വിജയത്തിനായി നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. താഴെപ്പറയുന്ന അംഗങ്ങളെ പ്രസ്തുത പരിപാടിയിൽ പങ്കെടുക്കാൻ ഞാൻ ക്ഷണിക്കുന്നു.

1. രൂപതയിലെ എല്ലാ വൈദീകരും സിസ്റ്റേഴ്സും ഉപദേശിമാരും
2. രൂപതാ അജപാലന സമിതി അംഗങ്ങൾ
3. ഇടവകയിലെ ശുശ്രൂഷ കോർഡിനേറ്റർമാർ
4. ഇടവക കൗൺസിൽ സെക്രട്ടറിമാർ
5. ഇടവകകളിലെ മതബോധന ഹെഡ്മാസ്റ്റർമാർ
6. വിവിധ ശുശ്രൂഷകളുടെ ഫൊറോന ആനിമേറ്റർമാർ
7. കെസിവൈഎം രൂപതാ സമിതിയും ഫൊറോന പ്രസിഡന്റുമാരും
8. രൂപതാ ആനിമേഷൻ ടീം
9. രൂപതയുടെ വിവിധ സംഘടനകളുടെ രൂപതാ സമിതി അംഗങ്ങൾ
10. .രൂപതയിലെ എല്ലാ വൈദീകരുടെയും മാതാപിതാക്കൾ

നെയ്യാറ്റിൻകര
20.10.2016

സ്നേഹാശംസകളോടെ

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ